**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6699 04-04-2018- ൽ മറുപടിക്ക്

## പൊതുവിദ്യാലയങ്ങളിൽ കായിക അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.രാജു എബ്രഹാം | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പലതിലും കായിക അദ്ധ്യാപക തസ്തികകൾ ഇല്ലാതെപോയത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ എയ്ഡഡ്, സർക്കാർ സ്കൂളുകളിൽ കായികാദ്ധ്യാപകർ ഉൾപ്പെടെയുള്ള സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നതിലേയ്ക്കായി കേരള വിദ്യാഭ്യാസ ചട്ടം, അദ്ധ്യായം XXIII-ൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ താഴെ ചേർക്കുന്നു.<br>i) ചട്ടം 6 ബി(2)(a) പ്രകാരം 500 കുട്ടികൾ എങ്കിലും ഉള്ള യു.പി.സ്കൂളിൽ/യു.പി. വിഭാഗത്തിൽ ഏതെങ്കിലും ഒരു സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തിക അനുവദിക്കാവുന്നതാണ്. ഇതിന് കായികാദ്ധ്യാപകർക്ക് മുൻഗണന നൽകുന്നുണ്ട്.<br>ii) ചട്ടം 6(4) പ്രകാരം, ഹൈസ്കൂൾ വിഭാഗത്തിൽ 5 പീരിയഡുകൾ എങ്കിലും ലഭ്യമാകുന്ന എല്ലാ സ്പെഷ്യലിസ്റ്റ് വിഷയങ്ങൾക്കും അദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നുണ്ട്.<br>കുട്ടികളുടെ എണ്ണക്കുറവ് മൂലം മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ പാലിക്കാൻ കഴിയാതെ വരുമ്പോഴാണ് സ്കൂളുകളിൽ കായികാദ്ധ്യാപകർ ഉൾപ്പെടെയുള്ള സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകൾ അനുവദിക്കാൻ കഴിയാതെ പോകുന്നത്. |
| (ബി) സംസ്ഥാനത്തിന്റെ കായിക സംസ്കാരം തിരികെ കൊണ്ടുവരാനും വിദ്യാർത്ഥികൾക്ക് സ്കൂൾ തലം മുതൽ | (ബി) പരമാവധി സർക്കാർ സ്കൂളുകളിൽ കായികാദ്ധ്യാപകരെ ലഭ്യമാക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ അവകാശ |

| | |
|---|---|
| പരിശീലനം ലഭിക്കാനും കഴിയും വിധം, കുട്ടികളുടെ എണ്ണം പരിഗണിക്കാതെ എല്ലാ സ്കൂളുകളിലും കായിക അദ്ധ്യാപക തസ്തിക സൃഷ്ടിക്കാൻ സർക്കാർ തയ്യാറാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | നിയമത്തിലെ വ്യവസ്ഥ പ്രകാരവും എസ്.എസ്.എ.(സർവ്വ ശിക്ഷാ അഭിയാൻ)യുടെ പാഠ്യപദ്ധതിയ്ക്ക് അനുസൃതമായും 100-ൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന യു.പി. സ്കൂളുകളിലേക്കും, 150-ൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന എൽ.പി. സ്കൂളുകളിലേക്കുമായി 838 കായികാദ്ധ്യാപകരെ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കും കെ.ഇ.ആറിലെ യോഗ്യതാ മാനദണ്ഡങ്ങൾ അനുസരിച്ചും എസ്.എസ്.എ. മുഖാന്തിരം കരാർ അടിസ്ഥാനത്തിൽ 5.10.16-ലെ സ.ഉ. (എം.എസ്) 170/2016/പൊവിവ ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ട്. ഇതുകൂടാതെ 2017-18 അധ്യയന വർഷം സംരക്ഷണത്തിന് അർഹതയുള്ള കായികാദ്ധ്യാപകർ ഉൾപ്പെടെയുള്ള സ്പെഷ്യലിസ്റ്റ് അധ്യാപകർ തസ്തിക നഷ്ടം വന്ന് പുറത്താകുന്നത് ഒഴിവാക്കുന്നതിന് വേണ്ടി മാത്രം യു.പി. വിഭാഗത്തിൽ 500 കുട്ടികൾ എന്നത് 300 കുട്ടികൾ ആയി ചുരുക്കുകയും, ഹൈസ്കൂൾ വിഭാഗത്തിൽ 5 പീരിയഡ് ലഭ്യമല്ലാത്ത സാഹചര്യത്തിൽ 10-ാം ക്ലാസ്സിലെ പീരിയഡ് കൂടി പരിഗണിക്കാനും എന്നിട്ടും നിലനിർത്താൻ കഴിയാത്ത സാഹചര്യങ്ങളിൽ പ്രസ്തുത സ്കൂളിന്റെ യു.പി. വിഭാഗവുമായി ക്ലബ് ചെയ്ത് നിലനിർത്തുന്നതുൾപ്പെടെയുള്ള സംവിധാനങ്ങൾ 07.09.2017-ലെ സ.ഉ (കൈ) നം.111/2017/പൊവിവ പ്രകാരം ഉത്തരവായിട്ടുണ്ട്. പുതുതായി തസ്തികകൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ